മി. സ്പീക്കർ : സർവ്വശ്രീ. കെ. പി. മോഹനൻ, മത്തായി ചാക്കോ, കെ. പി. രാജേന്ദ്രൻ, എം. വി. ജയരാജൻ, ടി. കെ. ബാലൻ, പി. ജയരാജൻ, എം. കുമാരൻ, കോടിയേരി ബാലകൃഷ്ണൻ, എ. കെ. ബാലൻ, കെ. കെ. ജയചന്ദ്രൻ, ടി. പി. രാമകൃഷ്ണൻ, കെ. പി. സതീശ് ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, മഞ്ഞളാംകുഴി അലി, കെ. വി. കുഞ്ഞിരാമൻ, കെ. രാധാകൃഷ്ണൻ, കോവൂർ കുഞ്ഞുമോൻ, സി. കെ. നാണു, ഡോ. തോമസ് ഐസക്, ഡോ. എ. നീലലോഹിത ദാസൻ നാടാർ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ അംഗങ്ങൾ XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

അറിയിപ്പ്

മി. സ്പീക്കർ : ഈ അടുത്ത കാലത്ത് സംസ്ഥാനത്ത് പടർന്നു പിടിച്ച പല മനുഷ്യജീവനുകൾ അപഹരിച്ച, പനിയെ സംബന്ധിച്ച് റൂൾ 58 അനുസരിച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് ഒരു നോട്ടീസ് തന്നിട്ടുണ്ട്. അതുപ്രകാരം ചർച്ച ഞാൻ അനുവദിച്ചു. നാളെ ഉച്ചയ്ക്കുശേഷം മൂന്നര മണിക്ക് വീണ്ടും സഭ സമ്മേളിച്ച്, സഭയുടെ അനുവാദത്തോടുകൂടി ഈ വിഷയത്തെ കുറിച്ച് ഒരു മണിക്കൂർ ചർച്ച ചെയ്യുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(10-7-2003 വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി നിയമസഭ ഉച്ചക്കുശേഷം 2.10-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly